പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1664

07.03.2018 ൽ
മറുപടിക്ക്

# പോലീസ് സ്റ്റേഷനുകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | പിണറായി വിജയൻ (മുഖ്യമന്ത്രി) |

എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനായി സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനായി എല്ലാ പോലീസ് സ്റ്റേഷനുകളും പോലീസ് ഓഫീസുകളും കംപ്യൂട്ടർവത്കരിച്ചിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യവും, ആവശ്യമായ വാഹനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

- പരാതികൾ സ്വീകരിക്കുന്നതിനായി പബ്ലിക് റിലേഷൻസ് ഓഫീസർ സംവിധാനം (പി.ആർ.ഒ)
- റിസപ്ഷൻ സംവിധാനം
- ജനമൈത്രി പോലീസ്
- വനിതാ ഹെൽപ് ഡസ്ക്
- രാജ്യത്തെ എല്ലാ പോലീസ് സ്റ്റേഷനുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റം (സി.സി.റ്റി.എൻ.എസ്)

ഇതിനു പുറമേ സാങ്കേതിക സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 4 സെർവ്വർ മെഷീനുകൾ വാങ്ങുകയും പോലീസ് സ്റ്റേഷനുകൾക്ക വേണ്ട 1647 ലാപ് ടോപ്പുകളും 550 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും, 214 യു.പി.എസുകളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള ഒട്ടനവധി പ്രവർത്തനങ്ങൾ പോലീസ് സ്റ്റേഷന്റെ നവീകരണത്തിനായി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| ബി) | കേസുകൾ യഥാസമയം അന്വേഷിച്ച് തീർപ്പാക്കുന്നതിനാവശ്യമായ ആധുനിക സംവിധാനങ്ങളും വേണ്ടത്ര ഉദ്യോഗസ്ഥരെയും എല്ലാ സ്റ്റേഷനുകളിലും ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | ബി) | കേസുകൾ യഥാസമയം അന്വേഷിച്ച് തീർപ്പാക്കുന്നതിനായി Finger Print Bureau, Voice Recorder, Video Camera & Mobile Phone Call Details എടുക്കുന്നതിനുള്ള സോഫ്റ്റ് വെയർ, എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാൻ സി.സി.റ്റി.എൻ.എസ് പ്രൊജക്റ്റ്, വിവിധ തരം മൊബൈൽ ആപ്ലിക്കേഷൻസ് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കംപ്യൂട്ടർ, ഇന്റർനെറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിലെ ഒഫീഷ്യൽ കറസ്പോണ്ടൻസ് വേഗത്തിലാക്കാൻ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റം, സി.ഒ.ബി, വയർലെസ് തുടങ്ങിയ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്ക് നൂതന സാങ്കേതികവിദ്യകളെക്കുറിച്ചും കാലാകാലങ്ങളിലുണ്ടാകുന്ന മറ്റ് മാറ്റങ്ങൾക്ക് അനുസരിച്ചുള്ള ട്രെയിനിംഗും നൽകി വരുന്നു. കുറ്റാന്വേഷണവും ക്രമസമാധാന പരിപാലനവും രണ്ടായി വേർതിരിച്ചും പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ എണ്ണം ഉദ്യോഗസ്ഥരെ ലഭ്യമാക്കിയും കേസുകൾ യഥാസമയം തീർപ്പുകൽപ്പിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ